**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4578** **29-10-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ആക്രമണത്തിൽ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ വന്യമൃഗങ്ങളുടെ ആക്രമണം മൂലം എത്രപേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നും എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | 2016 മുതൽ നാളിതുവരെ വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് പറ്റിയവരുടെയും മരണപ്പെട്ടവരുടെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഇവരുടെ കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | അർഹതപ്പെട്ട നഷ്ടപരിഹാരം എല്ലാ കേസ്സുകളിലും പൂർണ്ണമായും നൽകുവാൻ കഴിഞ്ഞിട്ടില്ല. 05.04.2018 ലെ സ.ഉ. (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം മരണമടയുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ചു വരുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും, പരിക്കേൽക്കുന്നവർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 1 ലക്ഷം രൂപ വരെയും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ തുക മുഴുവനായും നൽകി വരുന്നുണ്ട്. വിശദാംശം അനുബന്ധം 2ആയി ചേർക്കുന്നു . കൊടുത്തു തീർക്കുവാൻ അവശേഷിക്കുന്ന നഷ്ടപരിഹാര തുകകൾ കാലതാമസം കൂടാതെ നൽകുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ മതിയായ നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | അർഹതപ്പെട്ട നഷ്ടപരിഹാരം എല്ലാ കേസ്സുകളിലും പൂർണ്ണമായും നൽകുവാൻ കഴിഞ്ഞിട്ടില്ല. 05.04.2018 ലെ സ.ഉ. (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം മരണമടയുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ചു വരുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും, പരിക്കേൽക്കുന്നവർക്ക് സർക്കാർ മെഡിക്കൽ |

| | | | |
|---|---|---|---|
| | | | ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 1 ലക്ഷം രൂപ വരെയും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ തുക മുഴുവനായും നൽകി വരുന്നുണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു . കൊടുത്തു തീർക്കുവാൻ അവശേഷിക്കുന്ന നഷ്ടപരിഹാര തുകകൾ കാലതാമസം കൂടാതെ നൽകുന്നതാണ്. |
| (ഡി) | പ്രസ്തുത കാലയളവിൽ വന്യമൃഗങ്ങളാൽ കൃഷിയിടങ്ങളിൽ എത്ര തുകയുടെ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ; ഇത്തരത്തിൽ നാശനഷ്ടമുണ്ടായ കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (ഡി) | അർഹതപ്പെട്ട നഷ്ടപരിഹാരം എല്ലാ കേസ്സുകളിലും പൂർണ്ണമായും നൽകുവാൻ കഴിഞ്ഞിട്ടില്ല. 08.01.2015-ലെ സ.ഉ.(കൈ) നം. 02/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ 27 ഇനം കാർഷികവിളകൾക്ക് നഷ്ടപരിഹാരം നൽകിവരുന്നു. ഇപ്രകാരം നൽകിവരുന്ന നഷ്ടപരിഹാരം, കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും 05.04.2018 തീയതിയിലെ സ.ഉ. (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നഷ്ടപരിഹാരം വർഷത്തിൽ 4 പ്രാവശ്യം മാത്രമേ അനുവദിക്കുയുള്ളൂ. ജില്ല തിരിച്ചുള്ള നൽകിയിട്ടുള്ള നഷ്ടപരിഹാര തുകയുടെ വിശദാംശം അനുബന്ധമായി 3 ചേർക്കുന്നു. വന്യജീവി ആക്രമണം മൂലം കൃഷിനാശത്തിനുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. കൊടുത്തു തീർക്കുവാൻ അവശേഷിക്കുന്ന നഷ്ടപരിഹാര തുകകൾ കാലതാമസം കൂടാതെ നൽകുന്നതാണ്. |
| (ഇ) | ഇല്ലെങ്കിൽ മതിയായ നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | അർഹതപ്പെട്ട നഷ്ടപരിഹാരം എല്ലാ കേസ്സുകളിലും പൂർണ്ണമായും നൽകുവാൻ കഴിഞ്ഞിട്ടില്ല. 08.01.2015-ലെ സ.ഉ.(കൈ) നം. 02/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ 27 ഇനം കാർഷികവിളകൾക്ക് നഷ്ടപരിഹാരം നൽകിവരുന്നു. ഇപ്രകാരം നൽകിവരുന്ന നഷ്ടപരിഹാരം, കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും 05.04.2018 തീയതിയിലെ സ.ഉ. (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നഷ്ടപരിഹാരം വർഷത്തിൽ 4 പ്രാവശ്യം മാത്രമേ അനുവദിക്കുയുള്ളൂ. ജില്ല തിരിച്ചുള്ള നൽകിയിട്ടുള്ള നഷ്ടപരിഹാര തുകയുടെ വിശദാംശം അനുബന്ധമായി 3 ചേർക്കുന്നു. വന്യജീവി ആക്രമണം മൂലം കൃഷിനാശത്തിനുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത |

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതാണ്. കൊടുത്തു തീർക്കുവാൻ അവശേഷിക്കുന്ന നഷ്ടപരിഹാര തുകകൾ കാലതാമസം കൂടാതെ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ജില്ല | പരിക്കേറ്റവർ | മരണം സംഭവിച്ചവർ | |
|---|---|---|---|
| | | പാമ്പ് കടിമൂലം | മറ്റ് വന്യമൃഗംങ്ങളുടെ ആക്രമണം മൂലം |
| തിരുവനന്തപുരം | 142 | 23 | 8 |
| കൊല്ലം | 291 | 22 | 4 |
| പത്തനംതിട്ട | 203 | 18 | 4 |
| ആലപ്പുഴ | 207 | 31 | 0 |
| കോട്ടയം | 139 | 17 | 1 |
| ഇടുക്കി | 144 | 10 | 24 |
| എറണാകുളം | 119 | 15 | 2 |
| തൃശ്ശൂർ | 76 | 86 | 11 |
| മലപ്പുറം | 213 | 45 | 17 |
| പാലക്കാട് | 545 | 93 | 43 |
| കണ്ണൂർ | 1300 | 40 | 12 |
| കോഴിക്കോട് | 89 | 17 | 2 |
| കാസർഗോഡ് | 461 | 13 | 7 |
| വയനാട് | 231 | 5 | 25 |

| ക്രമ നമ്പർ | സർക്കിൾ | 2016 മുതൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരമായി അനുവദിച്ച തുക |
|---|---|---|
| 1. | സതേൺ സർക്കിൾ, കൊല്ലം | 67.00 |
| 2. | ഹൈറെയിഞ്ച് സർക്കിൾ, കോട്ടയം | 244.27 |
| 3. | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 427.73 |
| 4. | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 738.17 |
| 5. | നോർത്തേൺ സർക്കിൾ, കണ്ണൂർ | 610.05 |
| 6. | വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയം | 56.31 |
| 7. | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 88.375 |
| | **ആകെ** | **2231.905** |

**<u>അനുബന്ധം - 2</u>**